പതിമൂന്നാം കേരള നിയമസഭ
ബിൽ നമ്പർ 347

# 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 347

# 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

323/2015.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 347

# 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് ഭേദഗതി

ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് ഇനി പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3-ാം വകുപ്പിനുള്ള ഭേദഗതി.—2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ (2009-ലെ 10) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 3-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിൽ, (എ) ഖണ്ഡത്തിനുശേഷം, ഇനി പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഎ) അൻപത്തിയഞ്ച് വയസ്സ് പൂർത്തിയായിട്ടുള്ളതും എന്നാൽ അറുപത് വയസ്സ് പൂർത്തിയാകുന്നതിനു മുൻപ് ക്ഷേമ പദ്ധതിയിൽ അംഗമാവുകയും അഞ്ചുവർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുകയും ചെയ്തിട്ടുള്ളതുമായ അംഗങ്ങൾക്കും കല്പിതാംഗങ്ങൾക്കും പെൻഷൻ നല്കുന്നതിന്;".

3. 6-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 6-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "55 വയസ്സ്" എന്ന അക്കത്തിനും വാക്കിനും പകരം "അറുപത് വയസ്സ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (2)-ാം ഉപവകുപ്പിൽ, "55 വയസ്സ്" എന്ന അക്കത്തിനും വാക്കിനും പകരം "അറുപത് വയസ്സ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (7)-ാം ഉപവകുപ്പിന് ശേഷം, ഇനി പറയുന്ന ഉപവകുപ്പ് ചേർക്കേണ്ട താണ്, അതായത്:—

"(8) ഒരു അംഗത്തിന്റെ അംഗത്വ കാലയളവ്, ക്ഷേമപദ്ധതിയിൽ ഒരംഗമായി ചേരുന്ന തീയതി മുതൽ പെൻഷന് അർഹത നേടുന്ന തീയതിവരെ ആയിരിക്കുന്ന താണ്.".

4. 8-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 8-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ, "അൻപത്തിയഞ്ച് വയസ്സ്" എന്ന വാക്കുകൾക്ക് പകരം "അറുപത് വയസ്സ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

അറുപത് വയസ്സ് പൂർത്തിയായിട്ടുള്ളതും അഞ്ചു വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്കും കൽപ്പിത അംഗങ്ങൾക്കും പ്രവാസി കേരളീയരുടെ ക്ഷേമനിധിയിൽ നിന്നും പെൻഷൻ നൽകുന്നതിന് 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ (2009-ലെ 10) 3-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

6-ാം വകുപ്പിന്റെ (1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരം 18 വയസ്സ് പൂർത്തിയായിട്ടുള്ളതും എന്നാൽ 55 വയസ്സ് പൂർത്തിയായിട്ടില്ലാത്തതുമായ ഓരോ പ്രവാസി കേരളീയനും അതുപോലെ തൊഴിലിനായോ മറ്റ് വിധത്തിലോ കേരളത്തിനു പുറത്ത് ഇന്ത്യയിൽ എവിടെയെങ്കിലും ആറുമാസത്തിലധികം താമസിക്കുകയും ചെയ്യുന്ന പ്രവാസി കേരളീയനും നിധിയിൽ അംഗമാകുന്നതിന് അർഹതയുണ്ട്. 55 വയസ്സ് പൂർത്തിയായിട്ടുള്ള പ്രവാസി കേരളീയർ (വിദേശം)ക്ക് ചികിത്സാ സഹായമോ ക്ഷേമ പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന മറ്റ് സഹായമോ നൽകുന്നതിലേക്കായി ഭാരതത്തിൽ നിന്നോ വിദേശത്തു നിന്നോ സംഭാവനകൾ സ്വീകരിച്ചുകൊണ്ട് ഒരു പ്രത്യേക സഹായനിധി രൂപീകരിക്കാനും പ്രസ്തുത ആക്റ്റിലെ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

ഈ നിയമപ്രകാരം ക്ഷേമനിധിയിൽ അംഗത്വം നേടുന്നതിനുള്ള ഉയർന്ന പ്രായപരിധി ഇപ്പോൾ 55 വയസ്സാണ്. 55 വയസ്സ് പൂർത്തിയായതിനുശേഷം എന്നാൽ 60 വയസ്സ് പൂർത്തിയാകുന്നതിന് മുമ്പ് അംഗത്വം എടുത്ത് അഞ്ച് വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതായ അംഗങ്ങൾക്കും കൽപ്പിതാംഗങ്ങൾക്കും പെൻഷൻ നൽകുന്നതിനും, മറ്റു വ്യവസ്ഥകൾ പാലിക്കുന്നതിനു വിധേയമായി 55 വയസ്സ് പൂർത്തിയാകുകയും എന്നാൽ 60 വയസ്സ് പൂർത്തിയായിട്ടില്ലാത്തതുമായ പ്രവാസി കേരളീയർക്ക് നിധിയിൽ അംഗത്വം നൽകുന്നതിനും, 60 വയസ്സ് പൂർത്തിയായ പ്രവാസി കേരളീയർ (വിദേശം)ക്ക് പ്രത്യേക സഹായനിധിയിലൂടെ ചികിത്സാ സഹായമോ മറ്റ് അത്യാവശ്യ സഹായമോ നൽകുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. മേൽപ്പറഞ്ഞ ആവശ്യത്തിലേക്ക് 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിന്റെ (2009-ലെ 10) 3-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ്, 6-ാം വകുപ്പിന്റെ (1)-ഉം (2)-ഉം ഉപവകുപ്പുകൾ, 8-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് എന്നിവയിൽ അനുയോജ്യമായ ഭേദഗതികൾ വരുത്തുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

നിലവിലുള്ള നിയമപ്രകാരം പ്രവാസി കേരളീയർക്ക് ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള ഉയർന്ന പ്രായപരിധി 55 വയസ്സാണ്. ഈ നിയമനിർമ്മാണം മുഖേന അംഗമാകുന്നതിനുള്ള ഉയർന്ന പ്രായപരിധി 55 വയസ്സിൽനിന്ന് 60 വയസ്സായി ഉയർത്തുന്നതിലൂടെ ഏകദേശം 25000 പ്രവാസി കേരളീയർക്ക് ക്ഷേമനിധിയിൽ പുതുതായി അംഗത്വത്തിന് അർഹതയുണ്ടാകുമെന്നും ഇവരിൽനിന്ന് ആകെ 5,40,00,000 രൂപ അംശദായമായി ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു.

ഈ നിയമ ഭേദഗതിയിലൂടെ ക്ഷേമനിധിയിൽ പുതുതായി അംഗമാകുന്നവർ പെൻഷന് അർഹത നേടുന്നതിന് ഏറ്റവും കുറഞ്ഞ കാലയളവായ 5 വർഷം വരെ 27 കോടി രൂപ അംശദായമായി അടയ്ക്കേണ്ടതുണ്ട്. സർക്കാർ ക്ഷേമനിധിയിൽ ഒടുക്കേണ്ടതായ വിഹിതം ഇപ്രകാരം ലഭിക്കുന്ന അംശദായ തുകയുടെ രണ്ട് ശതമാനം മാത്രമാണ്. മേൽവിവരിച്ച സാഹചര്യത്തിൽ പുതുതായി ക്ഷേമനിധിയിൽ അംഗങ്ങളായി ചേരുന്നവർ ഒരു വർഷത്തേക്ക് ഒടുക്കുന്ന അംശദായ തുകയായ 5,40,00,000 രൂപയുടെ രണ്ട് ശതമാനത്തിന് തുല്യമായ തുക, 10,80,000 രൂപ പ്രതിവർഷം സർക്കാർ സഞ്ചിത നിധിയിൽനിന്ന് ചെലവ് പ്രതീക്ഷിക്കുന്നു.

കെ. സി. ജോസഫ്

## 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിൽനിന്നുള്ള പ്രസക്തഭാഗങ്ങൾ (2009-ലെ 10)

*** *** ***

3. പ്രവാസി കേരളീയരുടെ ക്ഷേമപദ്ധതി.—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിൻകീഴിൽ വരുന്ന പ്രവാസി കേരളീയരുടെ ക്ഷേമത്തിനായി, ഒരു നിധി രൂപീകരിക്കുന്നതിനായി ഈ ആക്റ്റ് പ്രകാരം പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കേണ്ടതും, പദ്ധതി ആവിഷ്ക്കരിച്ചതിനു ശേഷം, കഴിയുന്നതും വേഗം ഈ ആക്റ്റിലെയും, പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

*** *** ***

(4) നിധി ഇനി പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്, അതായത്:—

(എ) അറുപത് വയസ്സ് പൂർത്തിയായിട്ടുള്ളതും അഞ്ച് വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്കും കൽപ്പിത അംഗങ്ങൾക്കും പെൻഷൻ നൽകുന്നതിന്;

*** *** ***

6. അംഗത്വം.—(1) 18 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളവരും, എന്നാൽ 55 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരും ആയ ഓരോ പ്രവാസി കേരളീയനും നിധിയിലെ ഒരു അംഗമാകുന്നതിന് തന്റെ പേര് രജിസ്റ്റർ ചെയ്യുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(2) 18 വയസ്സ് പൂർത്തിയായിട്ടുള്ളവരും, എന്നാൽ 55 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരും, തൊഴിലിനായോ അല്ലെങ്കിൽ മറ്റുവിധത്തിലോ കേരളത്തിൽനിന്നും പുറത്തുപോയിട്ടുള്ളവരും ആറു മാസത്തിലധികമായി കേരളത്തിനു പുറത്ത്, ഇന്ത്യയിലെവിടെയെങ്കിലും താമസിക്കുകയും, അവിടെത്തന്നെ തുടരുകയും ചെയ്യുന്ന ഓരോ പ്രവാസി കേരളീയനും കൂടി നിധിയിലെ ഒരു അംഗമാകുന്നതിന് തന്റെ പേര് രജിസ്റ്റർ ചെയ്യുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

*** *** ***

(7) രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ അംഗവും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിലും ഇടവേളകളിലും അങ്ങനെയുള്ള രീതിയിലും 4-ാം വകുപ്പുപ്രകാരമുള്ള അംശദായം അടയ്ക്കേണ്ടതാണ്.

*** *** ***

8. <u>പ്രവാസി കേരളീയർ (വിദേശം)-ക്ക് വേണ്ടിയുള്ള പ്രത്യേക സഹായനിധി.</u> (1) ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിൽ അൻപത്തിയഞ്ച് വയസ്സ് പൂർത്തിയായിട്ടുള്ള പ്രവാസി കേരളീയർ (വിദേശം)-ക്ക് ചികിത്സാ സഹായമോ, പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന മറ്റേതെങ്കിലും തരത്തിലുള്ള അത്യാവശ്യ സഹായങ്ങളോ നൽകുന്നതിനുവേണ്ടി ഭാരതത്തിലോ വിദേശത്തോ ഉള്ള ഏതെങ്കിലും വ്യക്തിയിൽ നിന്നോ, സംഘടനയിൽ നിന്നോ, സർക്കാർ ഏജൻസികളിൽ നിന്നോ, കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ, മറ്റ് ഏതെങ്കിലും ഉറവിടങ്ങളിൽ നിന്നോ ഉള്ള സംഭാവനകൾ സ്വീകരിച്ചുകൊണ്ട് ഈ ആക്റ്റിലേയും പദ്ധതിയിലേയും വ്യവസ്ഥകൾ അനുസരിച്ച് ഒരു പ്രത്യേക സഹായ നിധി രൂപീകരിക്കാവുന്നതാണ്.

*** *** ***